കേരള സർക്കാർ

# മരട് നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.-ഇകെഎം(എം.1)1758/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി : 19.09.2017

ജോയിന്റ് ഡയറക്ടർ
.
ചെയർ പേഴ്സൺ(സെക്രട്ടറി മുഖേന)
മരട് നഗരസഭ
.
സർ,

വിഷയം : മരട് നഗരസഭ – 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്ന

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരട് നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

.

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)ഡയറക്ടർ,മുനിസിപ്പൽ ഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4)റീജിയണൽ ജോയിന്റ് ഡയറക്ടർ,മുനിസിപ്പൽ ഭരണ വകുപ്പ്, എറണാകുളം.
5)ഓഫീസ് കോപ്പി.

.

നം.കെ.എസ്.എ.-ഇകെഎം(എം.1)1758/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271

ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി : 19.09.2017

## എറണാകുളം ജില്ലയിലെ മരട് നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മരട് നഗരസഭയുടെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി . നഗരസഭ 1.4.2016മുതൽ 31.3.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ധന്യാ ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | :9.6.2017മുതൽ 14.6.2017 വരെ<br>( ചെലവ് കണക്കുകൾ) |
| | 25.8.2017 മുതൽ 31.8.2017 വരെ<br>(വാർഷിക കണക്കുകൾ) |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

(ചെലവ് കണക്കുകൾ)

| പേര് | ഉദ്യോഗപ്പേര് |
|---|---|

| | |
|---|---|
| ശ്രീ അജിതൻ ടി.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി റസിയ ബീവി ജെ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ റഷീദ് സി.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ഹരീഷ് ബാബു എൻ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ പ്രസൂൺ പി.ജെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(വാർഷിക കണക്കുകൾ)

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ അജിതൻ.ടി.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി റസിയ ബീവി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ഹരീഷ് ബാബു എൻ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ ആർ രാജീവ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| ചെയർപേഴ്സൺ | ശ്രീമതി അജിത നന്ദകുമാർ | 1.4.2016 | 27.5.2016 |
| | ശ്രീമതി ദിവ്യ അനിൽകുമാർ | 18.6.2016 | 31.3.2017 |
| വൈസ് ചെയർമാൻ & ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ കെ.എ.ദേവസ്സി | 1.4.2016 | 21.7.2016 |
| | ശ്രീ ആന്റണി ആശാൻ പറമ്പ് | 11.8.2016 | 31.3.2017 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി ദിശ പ്രതാപൻ | 1.4.2016 | 31.3.2017 |
| ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി ദിവ്യ അനിൽകുമാർ | 1.4.2016 | 31.3.2017 |
| വിദ്യാഭ്യാസ കലാ കായിക സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീമതി ജമീല മുഹമ്മദ് | 1.4.2016 | 31.3.2017 |
| പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീ ബോബൻ നെടുംപറമ്പിൽ | 1.4.2016 | 31.3.2017 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ | ശ്രീ അബ്ദുൾ ജബ്ബാർ | 1.4.2016 | 11.8.2016 |
| | ശ്രീ പി.ജെ. ജോൺസൺ | 23.8.2016 | 31.3.2017 |
| സെക്രട്ടറി | ശ്രീ ബി. അനിൽകുമാർ | 1.4.2016 | 31.3.2017 |

മറ്റു നിർവ്വഹണോദ്യഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| മുനിസിപ്പൽ എഞ്ചി നീയർ | ശ്രീ നൗഫൽ അലി കെ.എ. | 1.4.2016 | 31.3.2017 |
| ഹെഡ്മാസ്റ്റർ , ഗവ. ബോയ്സ് ഹൈ സ്കൂൾ. മാങ്കായി | ശ്രീ അൻസലാം.എൻ. എക്സ്. | 1.4.2016 | 31.3.2017 |
| കൃഷി ഓഫീസർ | ശ്രീമതി ചിത്രു കെ. പിള്ള | 1.4.2016 | 31.3.2017 |
| സീനിയർ വെറ്റിനറി സർജൻ | ഡോ. നിഷ സെബാസ്റ്റ്യൻ | 1.4.2016 | 31.3.2017 |
| വെറ്റിനറി സർജൻ | ഡോ. നിഷ സെബാസ്റ്റ്യൻ | 1.4.2016 | 31.3.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ശാന്തി എം.എസ്. | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീ സർ, ആയുർവേദം | ഡോ. ഹീര സാബു | 1.4.2016 | 31.3.2017 |
| ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ലെന മേരി കുര്യാക്കോസ് | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീ സർ ഇൻ ചാർജ് പിഎച്ച്.സി.( നെട്ടൂർ) | ഡോ. ബി.എസ്. ശ്രീകുമാരി | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീ സർ ഇൻ ചാർജ് പിഎച്ച്.സി.(വളന്തക്കാട്) | ഡോ. ബാലു ഭാസി | 1.4.2016 | 31.3.2017 |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ ജേക്കബ് പി.ജെ. | 1.4.2016 | 31.3.2017 |
| പ്രൊജക്ട് ഓഫീസർ | ശ്രീ ഹുസൈൻ എ. | 1.4.2016 | 31.3.2017 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി ദിവ്യ ടി. ബാബു | 1.4.2016 | 31.3.2017 |
| പ്രിൻസിപ്പാൾ, GVHSS, മാങ്കായിൽ | ശ്രീമതി രശ്മി പ്രദീപ് | 1.4.2016 | 31.3.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക തിരിച്ചടച്ചത്. | 1-12 |
| | ഭാഗം 2 | |
| 13 | ബിൽഡിംഗ് പെർമിറ്റ് അപാകതകൾ | 2-1 |
| 14 | ഡവലപ്പ്മെന്റ് ഫീസ് ഈടാക്കിയില്ല | 2-2 |
| 15 | സ്വകാര്യ പാർക്കിംഗ് സ്ഥലങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 2-3 |
| 16 | വസ്തു നികുതി ഈടാക്കിയില്ല | 2-4 |
| 17 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 |
| 18 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-6 |
| 19 | വാടക ഈടാക്കിയിട്ടില്ല | 2-7 |
| 20 | വിനോദ നികുതി ഈടാക്കിയിട്ടില്ല | 2-8 |
| | ഭാഗം 3 | |
| 21 | വിദ്യാഭ്യാസ അവാർഡ് വിതരണം- തുക ചെലവഴിച്ചതിലെ അപാകത | 3-1 |
| 22 | നഗരസഭ വാങ്ങിയ കടത്തു ബോട്ട് പ്രവർത്തനക്ഷമമല്ല. | 3-2 |
| 23 | ആദായ നികുതി- സ്രോതസ്സിൽ നിന്നും നികുതി കിഴിവ് നടത്തിയിട്ടില്ല. | 3-3 |

| | | |
|---|---|---|
| 24 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം | 3-4 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം | 3-5 |
| 26 | അംഗപരിമിതർക്ക് ഉപകരണം വിതരണം ചെയ്തില്ല. | 3-6 |
| 27 | മരട് ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-അപാകതകൾ | 3-7 |
| 28 | പി എച്ച് സി -മരുന്ന് ലഭിക്കാത്തത് | 3-8 |
| 29 | പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല. | 3-9 |
| 30 | ഡയാലിസിസ് പ്രൊജക്ട് - അപാകതകൾ ഒഴിവാക്കണം | 3-10 |
| 31 | ശുചീകരണ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല. | 3-11 |
| 32 | കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിച്ച തുക നാളിതു വരെയും ചെലവഴിച്ചിട്ടില്ല | 3-12 |
| 33 | എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് അടച്ചതിലെ അപാകത | 3-13 |
| 34 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല. | 3-14 |
| 35 | വിനിയോഗ വിവരം ലഭ്യമല്ല . | 3-15 |
| 36 | ശമ്പള നിർണ്ണയാംഗീകാരം ലഭിച്ചിട്ടില്ല | 3-16 |
| 37 | പെൻഷൻ ഫണ്ട് | 3-17 |
| | ഭാഗം 4 | |
| | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| | | |
| 1 | വാർഷിക കണക്കുകളിലെ അപാകതകൾ | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്ക് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| | ബാലൻസ് ഷീറ്റ് | അനുബന്ധം 2 |
| | ഇൻകം &എക്സ്പെൻ്റീച്ചർ സ്റ്റേറ്റ്മെൻ്റ് | അനുബന്ധം 3 |
| | റസീപ്റ്റ് & പേയ്മെൻ്റ് സ്റ്റേറ്റ്മെൻ്റ് | അനുബന്ധം 4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

നഗരസഭയുടെ 2016-17വർഷത്തെ ബജറ്റ് 4.3.2016 ൽ കൂടിയ പ്രത്യേക യോഗത്തിൽ അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളുടേയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 1,21,19,64,420 | 1,21,09,93,800 |
| യഥാർത്ഥത്തിലുള്ളത് | 14,13,40,049 | 14,11,99,933 |
| വ്യത്യാസം | 1,08,05,46,851 | 1,06,97,93,867 |

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ അന്തരമുണ്ട്.യഥാർത്ഥ വരവുചെലവുകളും ബജറ്റ് വരവ് ചെലവുകളും തമ്മിൽ നൂറുകോടിരൂപയിലധികം വ്യത്യാസമുണ്ട്. മുൻവർഷവും ഇതേ വ്യത്യാസമുണ്ട്. EFMS മുഖേന അയക്കുന്ന അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയിൽ ലഭിച്ചത് 26,25,000 രൂപയും സെക്ഷനുകളിലെ 3,85,03,733/- ലഭിച്ച തുക (ആകെ 4,11,28,733) യും ഉൾപ്പെടുത്തിയാലും നൂറുകോടി രൂപയിലധികം വ്യത്യാസമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ വരവു ചെലവുകളുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 31.7.2017 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കുകളിൽ ചില ന്യൂനതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ഖണ്ഡിക 4-1 ൽ ചേർത്തിട്ടുണ്ട്.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19697690.22 |
| വരവ് | 141340049.00 |
| ആകെ | 161037739.22 |
| ചെലവ് | 141199933.22 |
| നീക്കിയിരിപ്പ് | 19837806.22 |

ബാലൻസ് ഷീറ്റ് പ്രകാരം തനത് വരുമാനത്തിൽ പിരിച്ചെടുക്കുവാനുള്ള തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 2554109 |
| വാടക | 11814 |
| ഡി. & ഒ.ലൈസൻസ് | 726725 |
| മറ്റുവരവുകൾ | 6570041 |
| ആകെ | 9862689 |

വസ്തു നികുതിയിനത്തിൽ 2554109 രൂപ പിരിച്ചെടുക്കാനുണ്ട് ഈ തുക പിരിച്ചെടുക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ലൈസൻസ് ഫീസിനത്തിൽ കുടിശ്ശിക സൂചിപ്പിക്കുന്നത് ലൈസൻസില്ലാതെ നിരവധി സ്ഥാപനങ്ങൾ നഗരസഭയിൽ പ്രവർത്തിക്കുന്നുവെന്നാണ്. ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. നഗരസഭയുടെ കെട്ടിടങ്ങൾ വാടകക്കെടുത്ത് വാടക കുടിശ്ശിക വരുത്തിയവർക്കെതിരെ നിയമാനുസരണമുള്ള നടപടി സ്വീകരിച്ച് കുടിശ്ശിക

പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മറ്റുവരവുകളിനത്തിൽ 6570041 രൂപ പിരിച്ചെടുക്കാനുണ്ട്. തനതു വരുമാനം കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട് മെന്റ് (വരവ്) | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 26868335 | 19944441 | 74.23 |
| വികസനഫണ്ട് എസ്.സി.പി. | 13089459 | 3943308 | 30.13 |
| വികസനഫണ്ട് ടി.എസ്.പി. | 561405 | 279469 | 49.78 |
| സംരക്ഷണഗ്രാന്റ് റോഡ് | 8427387 | 896181 | 10.63 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 6751380 | 4232017 | 62.68 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 34944659 | 10268962 | 29.39 |
| പെർഫോമൻസ് ഗ്രാന്റ് (ലോക ബാങ്ക്) | 5710786 | 0 | 0 |
| ബി ഫണ്ട് | 38503733 | 38503733 | - |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 7812195 | 3733694 | 47.79 |

വികസനഫണ്ട് - പൊതുവിഭാഗത്തിൽ 74.23 ശതമാനം ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സംരക്ഷണഗ്രാന്റ് നോൺറോഡ് 62.68 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. മറ്റു ഫണ്ടുകൾ ചെലവഴിക്കുന്നതിൽ വേണ്ടത്ര പുരോഗതിയില്ല. പെർഫോമൻസ് ഗ്രാന്റ് (ലോക ബാങ്ക്) തുക ചെലവഴിക്കുവാൻ കഴിഞ്ഞിട്ടില്ല. നഗരസഭക്ക് ലഭിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 312 | 181010492 | 58 | 44460833 | 21 | 233 | 18.59 |

ഭൂരിഭാഗം പ്രൊജക്ടുകളും നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. പദ്ധതികൾ ആസൂത്രണ തലത്തിൽ തന്നെ കൃത്യമായി വിശകലനം നടത്തി നടപ്പിലാക്കുവാൻ കഴിയും എന്ന് ഉറപ്പ് വരുത്തി ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 2.25ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) /(-) |
|---|---|---|---|---|
| നികുതി വരവുകൾ | 45252159 | 48734213 | 3482054 | 7.69 |
| നികുതിയേതര വരവുകൾ | 21564067 | 19970870 | -1593197 | -7.39 |
| മറ്റുവരവുകൾ | 677854 | 304554 | 373300 | 55.07 |
| ആകെ | 67494080 | 69009637 | 1515557 | 2.25 |

നികുതി വരുമാനത്തിൽ 7.69 ശതമാനത്തിൽ വർദ്ധനവുണ്ടെങ്കിലും നികുതിയേതര വരുമാനത്തിൽ 7.39 ശതമാനത്തിന്റെ കുറവുണ്ട്. വരുമാനത്തിൽ കുറവ് വരാനിടയായ സാഹചര്യം പരിശോധിക്കേണ്ടതും വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-8 ക്ഷേമപദ്ധതികൾ

ഇ.എഫ്.എം.എസ് വഴി എസ്. വഴി ചെലവഴിച്ച തുകകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താത്ത തിനാൽ നഗരസഭ ലഭ്യമാക്കിയ വിവരങ്ങളാണ് താഴെ ചേർത്തിട്ടുള്ളത്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 139200 | ലഭ്യമാക്കിയില്ല |
| കർഷകതൊഴിലാളി പെൻഷൻ | 1023000 | 164 |
| വിധവാപെൻഷൻ | 9032000 | 1348 |
| വാർദ്ധക്യകാലപെൻഷൻ | 6858000 | 2695 |
| അംഗ പരിമിതർക്കുള്ള പെൻഷൻ | 1956800 | 292 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതയായവർക്കുള്ള ധന സഹായം | 455200 | 79 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.6.2017-ൽ 3pm ന് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58610 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

രജിസ്റ്ററുകൾ നല്ല രീതിയിൽ സൂക്ഷിക്കുന്നുവെങ്കിലും ചില രജിസ്റ്ററുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഡി.& ഒ. ലൈസൻസ് ഫീ തുടങ്ങിയവ. ഫ്രണ്ട് ഓഫീസ് സംവിധാനം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.7.2014 മുതൽ 5.8.2014വരെ | 2012- 2013 മുതൽ 2013-14 വരെ | 29.8.2014 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.1.2017 മുതൽ 16.2.2017 | 2014- 15 മുതൽ 2015-16 വരെ | 18.4.2017 |

## 1-12 ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക തിരിച്ചടച്ചത്.

ഓഡിറ്റിൽ നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 2857/-രൂപ തിരിച്ചടച്ചിട്ടുണ്ട്.

.

| ഓഡിറ്റ് എൻക്വ യറി നം | നിർവ്വഹണോ ദ്യോഗസ്ഥന്റെ പേര് | തിരിച്ചടച്ച തുക | രസീത് നം. /തിയതി |
|---|---|---|---|
| 3/12.6.2017 | മുനിസിപ്പൽഎഞ്ചിനീയർ | 2857 | 01/117020102957/ 13.6.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിംഗ് പെർമിറ്റ് അപാകതകൾ

ശ്രീമതി സത്യഭാമ അമ്മ, ശ്രീ. ബാലകൃഷ്ണൻ , അസറ്റ് ഹോംസ്, ബാലഭവൻ, 139/47, ചിറ്റൂർ റോഡ്, കൊച്ചിൻ-11 എന്ന പേരിൽ അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് നം. E1/ 9886/10/E1/ BA:159/16 എന്ന ബിൽഡിംഗ് പെർമിറ്റിലെ അപാകതകൾ താഴെ

ചേർക്കുന്നു.

<u>സ്ഥല വിസ്തീർണ്ണം</u>

| ക്രമ നം. | സർവ്വേ നമ്പർ (മരട് വില്ലേജ്) | വിസ്തീർണ്ണം |
|---|---|---|
| 1 | ബി.13 – 293/1 | 4.35 |
| 2 | ബി.13 – 293/1 | 13.62 |
| 3 | ബി.13 – 293/1 | 18.71 |
| ആകെ | | 36.68 ആർ. |
| വിസ്തീർണ്ണം ച.മീറ്ററിൽ (36.68 X 2.47 X 40.47) | | 3666.58 ച.മീ. |

<u>തറ വിസ്തീർണ്ണം - കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം</u>

| ക്രമ നം. | തരം | വിസ്തീർണ്ണം |
|---|---|---|
| 1 | അപ്പാർട്ട്മെന്റ് | 8175.08 |
| 2 | റിക്രിയേഷൻ ബ്ലോക്ക് | 255.57 |
| 3 | കൊമേഴ്സ്യൽ ബ്ലോക്ക് | 1053.53 |
| ആകെ | | 9484.18 ച.മീറ്റർ |

കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്, 1999, റൂൾ 31.199 (If the plot area is upto 0.5 hectares, the floor area ratio and coverage shall be that of the most restrictive occupancy) പ്രകാരം ബാധകമായ എഫ്.എ.ആർ- 2.5. (commercial )

| | |
|---|---|
| ഫ്ലോർ ഏരിയ അനുപാതം | 9484.18/3666.58=2.59 |
| അധിക ഫീസോട്ടുകൂടി അനുവദിക്കാവുന്ന എഫ്.എ.ആർ | 0.09 (2.59-2.50) |
| അതായത് 0.09 X 3666.58 | 329.99 ച.മീ. |
| ഈടാക്കേണ്ട അധിക ഫീസ് ( 329.99 X 3000) | 9,89,970 രൂപ |
| ഈടാക്കിയ ഫീസ് | ഇല്ല |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26) മറുപടിയൊന്നും നൽകിയില്ല. അധിക ഫീസിനത്തിൽ ഈടാക്കേണ്ട തുക 9,89,970 രൂപ പെർമിറ്റെടുത്ത ഉടമയിൽ നിന്നോ ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-2 <u>ഡവലപ്പ്മെന്റ് ഫീസ് ഈടാക്കാത്തതിനാൽ നഷ്ടം</u>

ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി മെ. ദേശായി ഹോംസിന് ബി.എ.നം.126/16 മുഖേന നഗരസഭ അനുമതി നൽകിയിട്ടുണ്ട്. ഈ ഫ്ലാറ്റ് സമുച്ചയത്തിന്റെ ബേസ് ഫ്ലോറിന്

വേണ്ടി 2150 ക്യുബിക് മീറ്റർ മണ്ണ് നീക്കം ചെയ്യുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും അനുമതി തേടുന്നതിന് വേണ്ടി നഗരസഭ എൻ.ഒ.സി. നൽകിയിരുന്നു . കൂടാതെ കെട്ടിടത്തിന്റെ പ്ലാനിൽ , എൻട്രി പോയന്റിൽ നിന്ന് അഞ്ച് മീറ്റർ വീതിയിൽ ഡ്രൈവ് വേ പണിയുന്നതിനുള്ള പ്രൊപ്പോസലും കെട്ടിട്ടത്തിന്റെ പ്ലാനിലുണ്ട്.എന്നാൽ ഡെവലപ്പ്മെന്റ് പെർമിറ്റിന് അപേക്ഷ ലഭിച്ചതായോ പെർമിറ്റ് അനുവദിച്ചതായോ ഫയലിൽ രേഖകളില്ല. രേഖകളുണ്ടെങ്കിൽ ആയത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 0.5 ഹെക്ടറിൽ മുകളിലുള്ള സ്ഥലങ്ങളിലെ പ്ലോട്ട് സബ് ഡിവിഷനുകൾക്കും, 0.5 ഹെക്ടറിൽ താഴെയുള്ള 20 ൽ കുറയാത്ത സബ് ഡിവിഷനുകൾക്കുമാണ് നിലവിൽ ഡെവലപ്പ് മെന്റ് ഫീസ് ഈടാക്കുന്നതെന്നറിയിച്ചിട്ടുണ്ട്. ഈ മറുപടി സ്വീകാര്യമല്ല കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്, 1999 റൂൾ 5 പ്രകാരം കേന്ദ്ര സംസ്ഥാന വകുപ്പുകളൊഴികെ ഏതൊരു വ്യക്തിയും ഭൂമി വികസിപ്പിക്കുന്നതിനോ പുനർ വികസിപ്പിക്കുന്നതിനോ മുൻപ് ഡെവലപ്പ്മെന്റ് പെർമിറ്റിന് അപേക്ഷിക്കേണ്ടതാണ്. ഡെവലപ്പ്മെന്റ് ഫീസീടാക്കാത്തതിനാൽ താഴെപ്പറയും വിധം നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

.

| | |
|---|---|
| സ്ഥലവിസ്തീർണ്ണം | 18.09 ആർ |
| നിരക്ക് ആർ ഒന്നിന് | 750രൂപ |
| ഈടാക്കേണ്ടിയിരുന്ന ഫീസ് | 13,568 (18.09 X750) |

ആകെ നഷ്ടം 18.09 X750= 13,568 രൂപ മെ.ദേശായി ഹോംസിൽ നിന്നോ, നഷ്ടത്തിനുത്തരവാദിയായ നഗരസഭ എൻജിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-3 സ്വകാര്യ പാർക്കിംഗ് സ്ഥലങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടില്ല

നഗരസഭയിൽ 2016-17 സാമ്പത്തിക വർഷം പാർക്കിംഗ് സ്ഥലങ്ങളിൽ നിന്നും പാർക്കിംഗ് ലൈസൻസ് ഫീസ് കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 475(5) പ്രകാരം 3000/- രൂപയിൽ കവിയാത്ത തുക ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്നതാണ്.ഇത് സംബന്ധിച്ച് കൗൺസിൽ തീരുമാനം എടുക്കേണ്ടതാണ്

## 2-4 വസ്തു നികുതി കുറവായി ഈടാക്കി

നഗരസഭയിലെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത്. 2011ലെ കേരള നഗരപാലിക( വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത

ഉപയോഗ ക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള നഗരപാലിക നിയമം നിയമം 233(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗങ്ങൾക്ക് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ ആകെ വാർഷീക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഒരു കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

.

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ 19/2011 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മരട് നഗരസഭ ഭരണസമിതിയുടെ വസ്തുനികുതി പരിഷ്കരണത്തിനുള്ള 05/11/2011ലെ നാലാം നമ്പർ തീരുമാന പ്രകാരം, വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 80 രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതിനിർണ്ണയ രേഖകൾ പരിശോധിച്ചതിൽ, ഒരേ വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവക്ക് ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 80 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താഴെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 60 രൂപ നിരക്കിലുമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. കൂടാതെ 200 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 120 രൂപയും,ലോഡ്ജ് ഉൾപ്പെടെയുള്ളവയ്ക്ക് തറവിസ്തീർണ്ണത്തിന് ചതുരശ്ര മീറ്ററിന് 45 രൂപയും ആണ് നഗരസഭ ഭരണസമിതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

.

| കെട്ടിട ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട ത് | കുറവ് (മറ്റ് വർദ്ധനവുകൾ ഉൾപ്പെടുത്തി യിട്ടില്ല) |
|---|---|---|---|---|
| താഹക്കുഞ്ഞ്, ചെങ്ങപ്പിള്ളിൽ കാസിൽ, എലിപ്പാക്കുളം, ആലപ്പുഴ | 11/253(1) | 252 (23.24m2 x9 = 209+20%) ഹെൽത്ത് ക്ലബ് | 23.24 x 60+20 = 1394+279 | 1421 |

| | | | | |
|---|---|---|---|---|
| കെ പി ബാബു, പരമേശ്വരൻ, മീനാക്ഷി, കൊറ്റാടിയിൽ, നെട്ടൂർ | 1/147A1 | 44858 (415.35m2 x80 +35%) കൊമേർഷ്യൽ | 415.35m2 x 120+35% =67287 | 22429 |
| കെ പി ബാബു, പരമേശ്വരൻ, മീനാക്ഷി, കൊറ്റാടിയിൽ, നെട്ടൂർ | 1/147A2 | 42616 (415.35m2 x 80+35%) കൊമേർഷ്യൽ | 415.35m2 x120+35% = 67287 | 24671 |
| വിജയമ്മ, മാങ്കായിൽ, മരട് | 14/434 | 4940 (88.21m2 x56) | 7057 (88.21m2 x 80) കൊമേർഷ്യൽ | 2117 |
| വിജയമ്മ, മാങ്കായിൽ, മരട് | 14/434(1) | 1372 (24.48m2 x 56) | 1958 (24.48m2 x 80) കൊമേർഷ്യൽ | 580 |
| യശോദ, കൊടവൻ തുരുത്തിൽ,മരട് | 22/94 B | 960 (106.60m2 x 9) | 8528 (106.60m2 x 80) കൊമേർഷ്യൽ | 7568 |
| യശോദ, കൊടവൻ തുരുത്തിൽ , മരട് | 22/94 A | 1941 (32.34m2 x 60) | 2593 (32.34m2 x 80) കൊമേർഷ്യൽ | 652 |
| കേശവൻ നമ്പൂതിരി, മേലേടത്ത് ഇല്ലം, എരൂർ | 6/141B1 | 261(29m2x9) | 1305 (29m2x 45) ലോഡ്ജ് | 1044 |
| ആകെ | | | | 60482 |

മേൽ അപാകതയ്ക്ക് കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം. 27/2.09.17) മറുപടി ലഭിച്ചില്ല. ചട്ടവിരുദ്ധമായി വസ്തു നികുതി നിർണ്ണയം നടത്തിയത് മൂലം 2016-17 സാമ്പത്തിക വർഷത്തിൽ നഗരസഭ ഫണ്ടിന് 60482/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ചട്ടപ്രകാരം വസ്തുനികുതി പുനർനിർണ്ണയിച്ച്, നികുതി ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും ഈടാക്കേണ്ടതാണ്. സമാനമായ അപാകതകൾ മറ്റ് കെട്ടിടങ്ങളുടെ നികുതിനിർണ്ണയത്തിലും ഉണ്ടായിട്ടുണ്ട്.

## 2-5 തൊഴിൽ നികുതി -അപാകതകൾ

തൊഴിൽ നികുതി ഡിമാന്റ് കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട് എന്നാൽ കളക്ഷൻ തുക അടച്ചതിന്റെ വിവരം, ബാലൻസ് എന്നിവരേഖപ്പെടുത്തിയിട്ടില്ല. അതു പോലെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാനുണ്ടെന്ന് വ്യക്തമല്ല. ഡിമാന്റ് കളക്ഷൻ രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

എ) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വർഷം | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1. | വിജയാ ബാങ്ക് | 2016-17 1 & 11 | 1250 x 2 | 2500 |
| 2. | പഞ്ചാബ് നാഷണൽ ബാങ്ക്. | 11 | 1250 | 1250 |
| 3. | കാനറാ ബാങ്ക് | 1 &11 | 1250x2 | 2500 |
| 4. | സിൻഡിക്കേറ്റ് ബാങ്ക് | 1& 11 | 1250x2 | 2500 |
| 5. | യൂണിയൻ ബാങ്ക് | 1 & 11 | 1250x2 | 2500 |
| 6. | ബാങ്ക് ഓഫ് ഇന്ത്യ | 1&11 | 1250x2 | 2500 |
| 7. | ഐ.സി.ഐ.സി.ഐ | 1&11 | 1250x2 | 2500 |
| 8. | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 1&11 | 1250x2 | 2500 |
| 9. | ബാങ്ക് ഓഫ് ബറോഡ | 1&11 | 1250x2 | 2500 |
| 10. | പീപ്പിൾസ് അർബൻ ബാങ്ക് | 11 | 1250x1 | 1250 |
| 11. | ഇന്ത്യൻ ബാങ്ക് | 1 | 1250x1 | 1250 |
| 12. | ആന്ധ്രാബാങ്ക്കുണ്ടന്നൂർ | 1 &11 | 1250x2 | 2500 |
| 13. | ബി.എസ്.എൻ.എൽ | 1&11 | 1250x2 | 2500 |
| | ആകെ | | | 28750/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/ 30.8.2017) ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി നോട്ടീസ് അയയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

നഗരസഭ ഹാജരാക്കിയ സ്റ്റേറ്റ്മെന്റ്പ്രകാരം 2016-17വർഷത്തിൽ നഗരസഭയിലെ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത്നടപ്പിലാക്കിയ താഴെ പറയുന്ന കരാറുകാർ തൻവർഷത്തെ തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര്. | വർഷം | തൊഴിൽ നികുതി | തുക |
|---|---|---|---|---|
| 1. | സി.ജി.അരവിന്ദാക്ഷൻ | 2016-17 ഒന്നും രണ്ടും അർദ്ധവർഷം | 1250 x 2 | 2500 |
| 2. | നിക്സൺ തോമസ് | -ടി- | -ടി- | 2500 |
| 3. | ആർ.ആർ.തോമസ് | -ടി- | -ടി- | 2500 |

| | | | | |
|---|---|---|---|---|
| 4. | അബ്ദുൾ സലാം. ഒ.എം | -ടി- | -ടി- | 2500 |
| 5. | പി.ടി.ജോസഫ്. | -ടി- | -ടി- | 2500 |
| 6. | എ.എക്സ്.ജോസഫ് | -ടി- | -ടി- | 2500 |
| 7. | രഞ്ജിത്ത് കുമാർ .എൻ | -ടി- | -ടി- | 2500 |
| 8. | കെ.പി.ജോസഫ് സ്റ്റാൻലി | -ടി- | -ടി- | 2500 |
| 9. | എൻ.പി.ജോർജ്ജ് | -ടി- | -ടി- | 2500 |
| 10. | ബിനു തരകൻ | -ടി- | -ടി- | 2500 |
| 11. | ലോറൻസ് ബാബു | -ടി- | -ടി- | 2500 |
| 12. | പീറ്റർ കെ.എ | -ടി- | -ടി- | 2500 |
| 13 | രവി . എം.എ | -ടി- | -ടി- | 2500 |
| 14. | ജോസ് ജ്രൂബി | -ടി- | -ടി- | 2500 |
| 15. | വിനോയ് ആന്റണി | -ടി- | -ടി- | 2500 |
| 16. | കിഷോർ കുമാർ എം.ജെ | -ടി- | -ടി- | 2500 |
| 17. | കലേഷ് കുമാർ എം.ജെ | -ടി- | -ടി- | 2500 |
| 18. | ജേക്കബ് ടിയാരിഷ് | -ടി- | -ടി- | 2500 |
| 19. | രെഞ്ജിത്ത് ആർ. | -ടി- | -ടി- | 2500 |
| 20. | ബിജു റ്റി. ബേബി | -ടി- | -ടി- | 2500 |
| 21. | പ്ളാസിൽ കെ.എക്സ്. | -ടി- | -ടി- | 2500 |
| 22. | ജേക്കബ് സാബു സി.എം. | | | 2500 |
| | ആകെ | | | 55000/- |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/30.8.17) ലഭ്യമാക്കിയ മറുപടിയിൽ ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ടി കരാറുകാരിൽ നിന്നും തൻവർഷത്തെ തൊഴിൽ നികുതി ഈടാക്കി നഗരസഭ ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 വാടക - ഈടാക്കിയിട്ടില്ല.

നഗരസഭയിലെ താഴെ പറയുന്ന കടമുറികളിലെ വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

.

| ക്രമ നം. | കടമുറി നം. | വാടകക്കാരന്റെ പേര് | മാസ വാടക | വാടക |
|---|---|---|---|---|
| 1. | X111/ 1501 | എം.ജെ.ജോസഫ് | 1997 /- | 11982/ (ഒക്ടോ./16-മാർച്ച്/17) |

| | | | | |
|---|---|---|---|---|
| 2. | X111/ 1502 | ട്രീസാമ്മ ജോസഫ് | 1864/- | 11184/-(ഒക്ടോ./16 മാർച്ച്/17) |
| | ആകെ | | | 23166/- |

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.19/26.8.17) കൊടുത്തതിന നല്കിയമറുപടിയിൽ കേസ് നിലനിൽക്കുന്നതിനാലാണ് വാടക വർദ്ധിപ്പിക്കാത്തതെന്നാണ് പറഞ്ഞിരിക്കുന്നത്. കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 2-8 വിനോദ നികുതി- ടിക്കറ്റ് സീൽ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല

പാൻ സിനിമാസിന്റെ ടിക്കറ്റ് സീൽ രജിസ്റ്ററിൽ ചില മാസങ്ങളിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. ഈ മാസങ്ങളിൽ സീൽ ചെയ്ത ടിക്കറ്റുകളുടെ കണക്കുകളും പിരിച്ചെടുത്ത തുകയുടെ പരിശോധിച്ചപ്പോൾ കണക്കുകൾ പൊരുത്തപ്പെടുകയും ചെയ്തില്ല. 14.10.16 ൽ ടിക്കറ്റുകൾ സീൽ ചെയ്തതിന്റെ വിവരങ്ങൾ ചേർത്തതിന ശേഷം പിന്നീട് 3.1.2017 ലാണ് രജിസ്റ്ററിൽ ടിക്കറ്റിന്റെ വിവരങ്ങൾ ചേർത്തിട്ടുള്ളത്. ഈ കാലയളവിലെ സീൽ ചെയ്ത ടിക്കറ്റിന്റെ എണ്ണവും ലഭിക്കേണ്ടിയിരുന്ന വിനോദനികുതിയും സെസ്സും കണക്കാക്കിയപ്പോൾ വരവിൽ 78764 /- രൂപയുടെ കുറവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| 14.10.16 ൽ അവസാനം സീൽ ചെയ്ത ടിക്കറ്റിന്റെ വിവരം | | 3.1.2017 സീൽ ചെയ്ത ടിക്കറ്റിന്റെ വിവരം (ആദ്യ നമ്പർ) | | ആകെ സീൽ ചെയ്ത ടിക്കറ്റിന്റെ എണ്ണം | ഈടാക്കേണ്ട തുക | രജിസ്റ്റർ പ്രകാരം അടവാക്കിയ തുക | രസീത് നം. |
|---|---|---|---|---|---|---|---|
| Screen I | Sl. No. | Screen I | Sl.No | | | 150000 | 11602500320 / 20.10.16 |
| Platinum @ 200/- | 33400 | Platinum @ 200/- | 37400 | 4000 | 132000 (@33/tkt.) | 7171 | 11602107994/ 10.10.16 |
| Gold @ 150 | 26000 | Gold @ 150 | 54000 | 28000 | 690760 (@ 24.67/tkt) | 150000 | 11602500323/ 24.10.16 |
| Screen II | | Screen II | | | | 2185 | 11602108109/ 24.10.16 |
| Gold @ 150 | 52000 | Gold @ 150 | 69000 | 17000 | 419390 (@ 24.67/tkt) | 150000 | 11602500329/ 31.10.16 |
| ആകെ | | | | 49000 | 1242150 | 150000 | 11602500331/ 5.11.16 |
| സർവ്വീ സ് സെസ്സ് @ 3/ tkt (49000 x 3) | | | | | 147000 | 1030 | 1162108593/ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 5.11.16 |
| ആകെ ഈടാക്കേണ്ട തുക | | | | | 1389150 | 100000 | 11602500333/ 10.11.16 |
| | | | | | | 150000 | 11602500336/ 18.11.16 |
| | | | | | | 100000 | 11602500339 / 24.11.16 |
| | | | | | | 150000 | 11602500347/ 1.12.16 |
| | | | | | | 100000 | 11602500375/ 9.12.16 |
| | | | | | | 100000 | 11602500377/ 16.12.16 |
| ആകെ ഈടാക്കിയ തുക | | | | | | 1310386 | |
| ഈടാക്കിയതിൽ കുറവ് | | | | | 78764 /- (1389150 - 1310386) | | |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും നൽകിയില്ല. കണക്കിൽ കുറവ് വന്ന തുക പാൻ സിനിമാസിൽ നിന്നോ ഉത്തരവാദിയായവരിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-9 വാർഷിക ധനകാര്യപത്രിക - അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. താഴെപ്പറയുന്ന ഇനങ്ങളുടെ ഡി.സി.ബി. പരിശോധിച്ചപ്പോൾ ഈടാക്കാൻ ബാക്കി നിൽക്കുന്ന തുകയും വാർഷിക ധനകാര്യപത്രികയിലെ ബി-15 ൽ ഈടാക്കാൻ ബാക്കി നിൽക്കുന്ന തുകയും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

.

| ക്രമ നം | ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ബി-15പ്രകാം | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | വസ്തു നികുതി (കറന്റ്) | 28863547 | 24627702 | 42,35,845 | 2554109 | 1681736 |
| 2 | ,, കുടിശ്ശിക | 1994770 | 5119684 | -3124914 | 0 | -3124914 |
| 3 | തൊഴിൽ നികുതി -ട്രേഡേഴ്സ് (കറന്റ്) | 992933 | 1237673 | -244740 | -118591 | -126149 |
| 4 | ,, കുടിശ്ശിക | 128249 | 292730 | -164481 | -291530 | 127049 |
| 5 | റെന്റ്-ടൗൺഹാൾ | 484300 | 486800 | -2500 | 0 | -2500 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ഡി&ഒ. ലൈസൻസ് ഫീസ് (കറന്റ്) | 1059130 | 1157670 | -98540 | 726725 | -825265 |
| 7 | ,, കുടിശ്ശിക | 48545 | 49320 | -775 | -28295 | 27520 |

കൂടാതെ മേല്പറഞ്ഞയിനങ്ങളുടെ രജിസ്റ്ററുകൾ ഒത്തുനോക്കുന്നതിനായി ലഭ്യമാക്കിയിട്ടില്ല.

2. ബി-15ഷെഡ്യൂളിൽ അദർ റിസീവബിൾ (കറന്റ്)- 51,06,622 രൂപയും ( കുടിശ്ശിക) 14,63,419 രൂപയും ലഭിക്കാനുള്ളതായി കാണുന്നു. ഇത് ഏതിനത്തിൽ ലഭിക്കാനുള്ള തുകയാണെന്ന് വിശദീകരിക്കേണ്ടതാണ്.

3. ജനറൽ പർപ്പസ് ഗ്രാന്റിനത്തിലെ അലോട്ട്മെന്റുകളും ട്രഷറി പാസ് ബുക്കും റെക്കൺസിലിയേഷനും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് ലഭ്യമാക്കേണ്ടതാണ്.

4.ഷെഡ്യൂൾ 40-b യിലെ തുകകളും ബാങ്ക് പാസ്സ് ബുക്കുകളിലെ തുകകളും പൊരുത്തപ്പെടുന്നില്ല. ബാങ്ക് പാസ്സ് ബുക്കുകൾ കാലികമാക്കാത്തതാണ് ഇതിന് കാരണം. കാലികമാക്കിയ മറ്റു രേഖകളുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ബാങ്ക് ബുക്കുകളും റെക്കൺസിലിയേഷൻ സഹിതം ലഭ്യമാക്കേണ്ടതാണ്.

5.ആന്ധ്ര ബാങ്ക് അക്കൗണ്ട് നം. 263010100006621 -31.03.2017 ലെ നീക്കിയിരിപ്പ് 14,83,608രൂപ വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല.

6.ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതികളുടെ വാർഷിക കണക്കുകളിലെ തുകയും രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.ഇ.എഫ്.എം.എസ് മുഖേന ചെലവഴിച്ച തുകകളുടെ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | income & expenditureലെ തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 140280 | 70560 |
| കർഷകതൊഴിലാളി പെൻഷൻ | 1258930 | -- |
| വിധവാപെൻഷൻ | 13157058 | 1000000 |
| വാർദ്ധക്യകാലപെൻഷൻ | 20959320 | 1348276 |
| അംഗ പരിമിതർക്കുള്ള പെൻഷൻ | 1146917 | 1146917 |
| 50 വയസ്സിനു മുകളിൽ പ്രായമായ അവിവാഹിതയായവർക്കുള്ള ധനസഹായം | 642290 | -- |

.

*7. വായ്പകൾ*

വായ്പായിനത്തിൽ 1046866/- രൂപ തിരിച്ചടക്കാനുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ

വായ്പയുടെ വിവരം ഉൾപ്പെടുത്തിയിട്ടില്ല. നഗരസഭയിൽ വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററിന്റെ അഭാവത്തിൽ കണക്കുകളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല.

*8.ഇൻവെസ്റ്റ് മെന്റ്*

ഇൻവെസ്റ്റിനത്തിലുള്ള തുക രജിസ്റ്റർ പ്രകാരമുള്ള തുകയുമായും ബാലൻസ് ഷീറ്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| FD രസീത് പ്രകാരമുള്ള തുക | രജിസ്റ്റർ പ്രകാരമുള്ള തുക | ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക |
|---|---|---|
| 2530279 | 2492828 | 2239528 |

*9.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി*

തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകളും വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം 5066612/- രൂപ മുന്നിരിപ്പായും 4078501/- രൂപ നീക്കിയിപ്പുമുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ യഥാക്രമം 5124675/- രൂപയും 4277538/- രൂപയുമാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിച്ചില്ല.

ഇതുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 26) മറുപടിയൊന്നും നൽകിയില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിദ്യാഭ്യാസ അവാർഡ് വിതരണം- തുക ചെലവഴിച്ചതിലെ അപാകത

ഫയൽ നമ്പർ.ആർ2 -6787/12

മരട് നഗരസഭയിൽ 2016-17 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ അവാർഡ് വിതരണത്തിനായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ നവീൻ എക്സിം ട്രേഡേഴ്സ്, പള്ളുരുത്തി എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിൾ, ലാപ്പ്ടോപ്പ് എക്സിം ട്രേഡേഴ്സ്, പള്ളുരുത്തി എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിൾ ലാപ്പ്ടോപ്പ് എന്നിവ വാങ്ങുന്നതിന് 25.10.2016ലെ 1-3 നമ്പർ കൗൺസിൽ തീരുമാനിച്ചു. അതനുസരിച്ച് വൗച്ചർ നമ്പർ 90/12-16 പ്രകാരം ACER ലാപ്പ്ടോപ്പ് വാങ്ങിയതിന് ചെക്ക് നമ്പർ 456059/30.12.16 പ്രകാരം 3,00,000/- രൂപയും നൽകിയിട്ടുണ്ട്. സൈക്കിൾ

വാങ്ങിയതിന്റെ 280,284/-രൂപ നൽകിയിട്ടില്ല. സൈക്കിൾ, ലാപ്പ്ടോപ്പ് എന്നിവ അവാർഡ് വിതരണത്തിനായി തെരഞ്ഞെടുത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്ന തുകയുടെ പരിധി മിച്ച ബജറ്റിന്റെ 20 ശതമാനം വരെയും എന്നാൽ 100,000/- രൂപയിൽ കവിയാതെയും വാർഷിക പരിധി നിശ്ചയിച്ചിട്ടുണ്ട്. (ജി.ഒ.എം.എസ്. 58/2006/ ത.സ്വ.ഭ.വ./ 16.2.2006.). എന്നാൽ ഈ പരിധി പാലിക്കാതെയാണ് ചെലവ് നടത്തിയത്. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13/ തീയതി.13.06.2017) മറുപടിയൊന്നും നൽകിയില്ല. അനുവദനീയമായ ചെലവിലും കൂടുതൽ ചെലവ് ചെയ്ത തുകയായ 200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അനുവദനീയമായ ചെലവിലും കൂടുതൽ ചെലവ് ചെയ്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 3-2 നഗരസഭ വാങ്ങിയ കടത്തു ബോട്ട് പ്രവർത്തനക്ഷമമല്ല.

ഫയൽ നമ്പർ.ആർ2(പി എച്ച്) -558 0/15

മരട് നഗരസഭയിൽ നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ടിൽ നിന്നും 27 ലക്ഷം രൂപ ഉപയോഗിച്ച് തേവര-നെട്ടൂർ കടവിൽ സർവ്വീസ് നടത്തുന്നതിന് കടത്തുബോട്ട് വാങ്ങുന്നതിന് ജില്ലാ കളക്ടറുടെ 18.06.2015 ലെ എഫ്1-38745/15 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, 61/1227-എ, ഉദയ നഗർ റോഡ്, ഗാന്ധി നഗർ, കൊച്ചി-20 എന്ന പൊതു മേഖലാ സ്ഥാപനത്തിന്റെ 30.05.2015 -ലെ M-602/15 നമ്പർ കത്തിൽ നെട്ടൂർ-തേവര കടവിൽ സർവ്വീസ് നടത്തുന്നതിന് നിലവിൽ അവിടെ സർവ്വീസ് നടത്തുന്ന ബോട്ട് പഴയതാണെന്നും പുതിയ ബോട്ടിന്റെ ആവശ്യകതയെപ്പറ്റിയും ഈ കടവിൽ സർവ്വീസ് നടത്തുന്നതിന് അനുയോജ്യമായ ബോട്ടിന്റെ സ്പെസിഫിക്കേഷനും വിശദീകരിച്ചിരുന്നു. അതനുസരിച്ച് നഗരസഭയുടെ 20.07.2015 ലെ 26-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരവും, 23.07.2015 ലെ പി എച്ച് -5580/15 നമ്പർ കത്ത് പ്രകാരവും ടെണ്ടർ നടപടികൾ പാലിക്കാതെ ബോട്ട് സമയബന്ധിതമായി നിർമ്മിക്കുന്നതിന് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡിന് (KSINC) 27 ലക്ഷം രൂപയ്ക്ക് നിർമ്മാണ അംഗീകാരം നൽകിയിട്ടുണ്ട്.

30.07.2015 ൽ നഗരസഭയും KSINC യുമായി കരാർ ഉടമ്പടിയിൽ ഒപ്പു വച്ചിട്ടുണ്ട്. 50% തുക മുൻകൂറായി അനുവദിക്കുന്നതിനും തീരുമാനിച്ചു. അതു പ്രകാരം ചെക്ക് നമ്പർ 995095/20.08.2015 KSINC യ്ക്ക് 13,50,000/- രൂപ മുൻകൂറായി നൽകി. നിർമ്മാണം പൂർത്തീകരിച്ച ബോട്ടിന് kerala I.V Rule 2010 അനുസരിച്ച് പ്രിയദർശിനി-2 എന്ന പേര് നൽകി 01.12.2015 ൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. 04.01.2016 ൽ കൈമാറിക്കിട്ടിയ ബോട്ട് നഗരസഭ കൗൺസിലിന്റെ 14.01.2016 ലെ 23-ാം നമ്പർ തീരുമാന പ്രകാരം

നിലവിൽ ബോട്ട് സർവ്വീസ് നടത്തിയിരുന്ന സാങ്കേതിക പ്രവർത്തകരുടെയും ഡിവിഷൻ കൗൺസിലറായ വി.എം.ഷിബുവിനെയും, നഗരസഭയിലെ ഓവർസിയറായ ഷിബു. കെ.എം.നെയും ചുമതലപ്പെടുത്തി തീരുമാനിച്ചു. അതനുസരിച്ച് രണ്ട് എഞ്ചിനുകളുള്ള ബോട്ട് തേവര-നെട്ടൂർ കടവിൽ സർവ്വീസ് നടത്തുകയും ചെയ്തു. എന്നാൽ ബോട്ട് തുടരെ കേടാവുകയും ഒരു എഞ്ചിൻ സ്ഥിരമായി പ്രവർത്തന നിരതമാവുകയും, എഞ്ചിൻ റൂമിൽ വെള്ളം കയറുന്നതായും 08.02.2016 ൽ ഓവർസിയറായ ഷിബു. കെ.എം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരിശോധനയിൽ രണ്ട് എഞ്ചിനുകളിൽ ഒന്നിൽ നിർമ്മാണ തീയതി രേഖപ്പെടുത്തിയിട്ടില്ല, അടുത്തതിൽ നിർമ്മാണ തീയതിയായി കാണിച്ചിരിക്കുന്നത് 0/9/2012 ആണെന്നും, വലത് വശത്തെ എഞ്ചിൻ ആണ് മോശമെന്നും, ബോട്ടിന്റെ അടിഭാഗത്ത് നെറ്റ് ഇല്ലാത്തതിനാൽ പായൽ കയറി പല തവണയും വാൽവ് ബ്ലോക്ക് ആവുന്നതായും, ബോട്ടിന്റെ പിൻഭാഗം ഉയർന്ന് നിൽക്കുന്നതിനാൽ പ്രൊപ്പല്ലറിൽ വെള്ളം പിടിക്കാതാവുകയും ആയതു കാരണം സർവ്വീസ് മുടങ്ങുന്നതായും, സ്റ്റിയറിംഗിന് ബലം കൂടുതലാണെന്നും, ഓടുന്ന സമയത്ത് ആക്സിലറേറ്റർ തനിയെ കൂടി വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 17.03.2016ൽ ബോട്ടിന്റെ സീലിങ്ങ് അടർന്നു വീണതായി ഓവർസിയർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ആയതിനാൽ ബോട്ട് ഒരു വിദഗ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുവാനും ശുപാർശ ചെയ്തിട്ടുണ്ട്. നഗരസഭ കൗൺസിലിന്റെ 07.06.2016ലെ 18(3) തീരുമാന പ്രകാരം ബോട്ട് വിദഗ്ദസമിതിയെക്കൊണ്ട് പരിശോധിപ്പിക്കുവാൻ തീരുമാനിച്ചു. 08.10.2016 മുതൽ ബോട്ട് സർവ്വീസ് നടത്തുന്നില്ല.

വിദഗ്ധസമിതിയുടെ പരിശോധനയ്ക്കും റിപ്പയറിങ്ങിനും ശേഷം മാത്രം സർവ്വീസ് നടത്തിയാൽ മതിയെന്ന് നഗരസഭ കൗൺസിൽ തീരുമാനിച്ചു. 11.02.2017ൽ ബോട്ട് ഒരു വിദഗ്ധസമിതി പരിശോധിക്കുകയും റിപ്പോർട്ട് നൽകിയിട്ടുമുണ്ട്. ഈ റിപ്പോർട്ടിൽ തേവര കായലിന് ആഴം കൂട്ടാത്തതു കൊണ്ടും ബോട്ട് സർവ്വീസ് വിദഗ്ദരായ ജീവനക്കാരെ ഉപയോഗിച്ച് സർവ്വീസ് നടത്താത്തതു മൂലവുമാണ് ഉപയോഗക്ഷമമല്ലാതെയായിപ്പോയത് എന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ എഞ്ചിന്റെ കാലപ്പഴക്കത്തെക്കുറിച്ചോ,ബോട്ട് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ള ഫൈബറിനെപ്പറ്റിയോ വിശദീകരിച്ചിട്ടില്ല.

തേവര-നെട്ടൂർ കായലിൽ സർവ്വീസ് നടത്തുന്നതിന് ബോട്ട് വാങ്ങുന്നതിന് മുൻപ് കൃത്യമായ പഠനമോ ആവശ്യമായ മുന്നൊരുക്കമോ നടത്തിയിട്ടുണ്ടോ. ബോട്ട് സർവ്വീസ് നടത്തുന്നത് വിദഗ്ദരായ ജോലിക്കാരെ ഉപയോഗിച്ചാണോ. നിലവിൽ ബോട്ട് ഉപയോഗ ക്ഷമമാണോ എന്നീ കാര്യങ്ങൾ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 4/ തീയതി. 12.06.2017) മറുപടിയിൽ നിലവിൽ ബോട്ട് സർവ്വീസ് നടത്തുവാൻ കഴിയാത്തതു കാരണം ബോട്ട് നിർമ്മിച്ച യാർഡിൽ (KSINC) തന്നെ സൂക്ഷിച്ചതായി അറിയിച്ചിട്ടുണ്ട്. തേവര-നെട്ടൂർ കായലിൽ ബോട്ട് സർവ്വീസ് നടത്തുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങളില്ലാതിരുന്നതും, കായലിലെ ചെളി

നീക്കാതിരുന്നതു കാരണവും വിദഗ്ദരായ ജീവനക്കാർ ഇല്ലാതിരുന്നതും ബോട്ട് സർവ്വീസ് തദ്ദേശീയരായ വ്യക്തികൾക്ക് പ്രയോജനപ്പെടാതെ പോയി. എം.എൽ.എ ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിച്ചിട്ടില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇക്കാര്യത്തിൽ വിശദമായ ഒരു അന്വേഷണംനടത്തുന്നതിനായി ഭരണ വകുപ്പിന് -ശുപാർശ ചെയ്യുന്നു.

## 3-3 ആദായ നികുതി- സ്രോതസ്സിൽ നിന്നും നികുതി കിഴിവ് നടത്തിയിട്ടില്ല.

ഫയൽനം. PH/ 3163/ 15

മരട് നഗരസഭയിൽ 2016-17 വർഷത്തിൽ ബക്കറ്റ് കംപോസ്റ്റ് വിതരണം ചെയ്തയിനത്തിൽ ആലപ്പി ബയോടെക്, വി.പി. v/153 A, പുതിയ വീട്, വെളിയനാട്, പി.ഒ. എന്ന സ്ഥാപനത്തിന് 900000 രൂപ നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയിൽ നിന്നും ആദായ നികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഈടാക്കേണ്ടതായ 2% നികുതി തുകയായ 18000 രൂപ ഈടാക്കിയിട്ടില്ല. ആദായ നികുതി ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം. 9 /12.6.2017). തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ചെലവ് വിവരം</u>

1. വൗച്ചർ നം. 42/12.16 – തുക - 5,00,000
ചെക്ക് നം. 078096/7.12.16
2. വൗച്ചർ നം. 93/5.16
ചെക്ക് നം. 951010/28.5.16 തുക - <u>4,00,000</u>
<u>9,00,000</u>

## 3-4 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര വിതരണം നടത്തിയില്ല

നഗരസഭയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പ്രൊജക്റ്റാണ് പഠനോപകരണ വിതരണം. മേശ, കസേര എന്നിവ വാങ്ങിയെങ്കിലും അവ വിതരണം ചെയ്തിട്ടില്ല. പ്രൊജക്റ്റിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം | S0173/17 |
| അടങ്കൽ | 315524 |
| ചെലവ് | 310799 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

| | |
|---|---|
| ബിൽ നം. | 43 /16-17/ 31.3.2017 |

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്ന് താഴെ പറയും പ്രകാരം മേശയും,കസേരയും വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | വില | ഇൻവോയ്സ് നം | തുക |
|---|---|---|---|---|
| മേശ | 78 | 2480 | 185/ 30.03.2017 | 221489 (നികുതി 28049 ഉൾപ്പെടെ) |
| കസേര | 78 | 1000 | | 89310 (നികുതി 11310 ഉൾപ്പെടെ) |

കസേര, മേശ എന്നിവ 30.03.2017 ലഭിച്ചെങ്കിലും അയവ നാളിതു വരെ വിതരണം ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം 14 / 13.06.2017) മറുപടിയിൽ നഗരസഭാ കൗൺസിലിന്റെ അനുമതിയോടു കൂടി മാത്രമേ വിതരണം നടത്താവൂയെന്നും ഭരണപരമായ ചില സാങ്കേതിക പ്രശ്നങ്ങൾ നേരിട്ടതിനാണ് വിതരണം നടത്താതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്യാത്തതിനാൽ ചെലവ് തുക 310799/- രൂപ തടസ്സപ്പെടുത്തുന്നു.

.

## 3-5 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

നഗരസഭയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കൂളുകളിലേക്കുള്ള യാത്രാസൗകര്യത്തിന് ആവിഷ്കരിച്ച പ്രൊജക്ടാണ് സൈക്കിൾ വിതരണം. സൈക്കിൾ വാങ്ങിയെങ്കിലും വിതരണം ചെയ്തിട്ടില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | SO175/17 |
| അടങ്കൽ | 2,00,000 |
| ചെലവ് | 199343/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| ബിൽ നം | 40/16-17/31.3.17 |

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്ന് താഴെ പറയും പ്രകാരം സൈക്കിൾ വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | വില | ഇൻവോയ്സ് നം | തുക |
|---|---|---|---|---|
| ലേഡീസ് സൈക്കിൾ | 23 | 4950 | 186/ 30.03.2017 | 119543(നികുതി 5693 ഉൾപ്പെടെ) |
| ബോയ്സ് സൈക്കിൾ | 16 | 4750 | | 79800 (നികുതി 3800 |

| | | | | |
|---|---|---|---|---|
| | | | | ഉൾപ്പെടെ) |

സൈക്കിളുകൾ നാളിതു വരെ വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം . 15/ 13.06.2017). മറുപടിയിൽ നഗരസഭാ കൗൺസിലിന്റെ അനുമതിയോടു കൂടി മാത്രമേ വിതരണം നടത്താവൂയെന്നും ഭരണപരമായ ചില സാങ്കേതിക പ്രശ്നങ്ങൾ നേരിട്ടതിനാലാണ് വിതരണം നടത്താതിരുന്നതെന്നും അറിയിച്ചിട്ടുണ്ട് .പദ്ധതിപണം ഉപയോഗിച്ച് ലഭ്യമാക്കിയ സൈക്കിളുകൾ വിതരണം നടത്താത്തതിനാൽ ചെലവ് തുക 199331/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 അംഗപരിമിതർക്ക് ഉപകരണം വിതരണം ചെയ്തില്ല.

മെഡിക്കൽ ഓഫീസർ, പി എച്ച് സി നെട്ടൂർ

നഗരസഭയിലെ അംഗപരിമിതർക്ക് സഹായ ഉപകരണം നൽകുന്നതിന് പ്രൊജക്ട് നടപ്പാക്കിയെങ്കിലും ഉപകരണങ്ങൾ മുഴുവൻ ലഭിക്കുകയോ വിതരണം ചെയ്യുകയോ ചെയ്തില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | S0179/17 |
| അടങ്കൽ | 1285984 |
| ചെലവ് | 1146917,ട്രഷറി ബിൽ നം 03/16-17തീയതി 30.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>പി എച്ച് സി മരട്. |

ഉപകരണ വിതരണത്തിനായി 02/03/2017ൽ മെഡിക്കൽ ക്യാംപ് നടത്തുകയും വിതരണത്തിനായി വികലാംഗ വികസന കോർപ്പറേഷനെ (കെ എസ് എച്ച് പി ഡബ്ല്യു സി) തിരഞ്ഞെടുക്കുകയും ചെയ്തു. 33 ഇനം ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനാണ് നഗരസഭയുടെ 16.03.2017 ലെ 40-ാം നം തീരുമാന പ്രകാരം അനുമതി നൽകിയത്. പ്രൊഫോർമ ഇൻവോയ്സ് 419/B3/17/HPWC പ്രകാരം 33 ഇനങ്ങളും വിതരണം ചെയ്യുമെന്ന് കെ എസ് എച്ച് പി ഡബ്ല്യു സി അറിയിച്ചെങ്കിലും മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല.ലഭിക്കാത്ത ഉപകരണങ്ങളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | വില | തുക |
|---|---|---|---|---|
| 1 | AFO | 7 | 863 | 6041 |
| 2 | COCKUP SPLINT | 1 | 787 | 787 |
| 3 | CP CHAIR WITH WHEEL | 2 | 7692 | 15384 |
| 4 | ENDOSKELTAL AK PROSTHESIS | 1 | 28788 | 28788 |
| 5 | ENDOSKELTAL BK PROSTHESIS | 1 | 22267 | 22267 |

| | | | | |
|---|---|---|---|---|
| 6 | HIGH TECH KNEE CAP | 2 | 3362 | 6724 |
| 7 | KAFO | 1 | 4396 | 4396 |
| 8 | KNEE BRACE | 2 | 1686 | 3372 |
| 9 | SURGICAL SHOE | 8 | 769 | 6152 |
| 10 | SURGICAL SHOE WITH HEEL RISE | 1 | 1350 | 1350 |
| 11 | TESS BELT | 1 | 7499 | 7499 |

കൂടാതെ ലഭിച്ച ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഉപകരണങ്ങൾ മുഴുവൻ ലഭിക്കാത്തത് സംബന്ധിച്ചും ലഭിച്ച ഉപകരണങ്ങൾ വിതരണം ചെയ്യാത്തത് സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 5/12.6.17) 12.6.2017 ൽ നൽകിയ മറുപടിയിൽ ലഭിച്ച ഉപകരണങ്ങൾ അടിയന്തിരമായി വിതരണം ചെയ്യുന്നതാണെന്നും ലഭിക്കാനുള്ള ഉപരണങ്ങൾ ജൂൺ 15 മുതൽ നൽകുന്നതാണെന്നും KSHPWD അറിയിച്ചതായും മറുപടി നൽകി. മുഴുവൻ ഉപകരണങ്ങളും ലഭ്യമാക്കി അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ KSHPWDയിൽ നിന്ന് ലഭ്യമാകാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടാതാണ്.

## 3-7 മരട് ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-അപാകതകൾ

2016-17 വർഷത്തിൽ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി മൂന്ന് ലക്ഷം രൂപ ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല. പ്രൊജക്ടിന്റെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | S 0125/17 |
| അടങ്കൽ | 300000 |
| ചെലവ് | 300000 |
| ഡി.ഡി.നം | 033121/1.2.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ചീഫ് മെഡിക്കൽ ഓഫീസർ,<br>ഗവ.ഹോമിയോ ഡിസ്പെൻസറി, മരട്. |

മരുന്ന് ലഭിക്കാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6 / 12.6.2017 നുള്ള മറുപടിയിൽ മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട് . ചെലവ് തുക 300000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 പി എച്ച് സി -മരുന്ന് ലഭിക്കാത്തത്

മെഡിക്കൽ ഓഫീസർ, പി എച്ച് സി നെട്ടൂർ,

നഗരസഭയിൽ പി എച്ച് സി യുടെ കീഴിലുള്ള ആശുപത്രികൾക്ക് മരുന്ന് ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസർ പ്രൊജക്ട് ആവിഷ്കരിക്കുകയും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തിരുവനന്തപുരത്തിന് പർച്ചേസ് ഓർഡർ, തുക എന്നിവ നൽകിയെങ്കിലും മരുന്ന് ലഭ്യമായില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റിന്റെ നം/ പേര് | അടങ്കൽ തുക | ഇൻവോയ്സ് നം/ തുക | ട്രഷറി ബിൽ നം |
|---|---|---|---|---|
| 1 | S0102/17വളന്തക്കാട് ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 200000 | PRF 3614/ 16.03.2017 200000/- | 3/2016-17 /23.03.2017 |
| 2 | S0183/17നെട്ടൂർആശുപത്രിക്ക് മരുന്ന് വാങ്ങൽ | 100000 | PRF 1014/ 22.12.2016 100000/- | 1/2016-17 /30.01.2017 |
| 3 | S0103/17ഫ്ലോട്ടിംഗ് ഡിസ്പെൻസറിക്ക് മരുന്ന് | 125000 | PRF 3614/ 16.03.2017 125000/- | 5/2016-17 /23.03.2017 |
| | ആകെ | | 425000/- | |

മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 10 /13.6.2017) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല . ചെലവ് തുക 425000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.

ഫയൽ നമ്പർ.പി.എച്ച്.10631/14

നഗരസഭയിൽ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കിലോഗ്രാമിന് അഞ്ച് രൂപ ക്വാട്ട് ചെയ്ത കെ.വൈ.ഉമ്മറിന്റെ ക്വട്ടേഷൻ നഗരസഭ കൗൺസിലിന്റെ 01.07.2016 ലെ 9-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. അതനുസരിച്ച് 14.07.2016ൽ ഗ്രിഗോറിയൻ സ്കൂളിനടുത്ത് കൂട്ടി വച്ചിരുന്ന 4890കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം TN 29 Y/1699 എന്ന ടോറസ് ലോറിയിൽ നീക്കം ചെയ്തതായി ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന് ചെക്ക് നമ്പർ 574989/25.07.16 പ്രകാരം 24,450/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ പ്ലാസ്റ്റിക് മാലിന്യം കൊണ്ടു പോയതിന്റെ യാതൊരു വിവരവും ഫയലിൽ ഇല്ല. മാലിന്യം നീക്കം ചെയ്തപ്പോൾ നഗരസഭയിലെ ഉദ്യോഗസ്ഥരാരും തന്നെ സംഭവ സ്ഥലത്ത് ഹാജരായതിനും രേഖകൾ ഇല്ല. മേൽ അപാകതകൾക്ക് വിശദീകരണവും നൽകിയില്ല.ആയതിനാൽ (ഓഡിറ്റ് എൻക്വയറി നമ്പർ 12/ തീയതി.13.06.17]).ചെലവ് തുകയായ 24,450/- രൂപ തടസ്സപ്പെടുത്തുന്നു .

.

## 3-10 ഡയാലിസിസ് പ്രൊജക്ട് -അപാകതകൾ ഒഴിവാക്കണം

നഗരസഭയിലെ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് 2016-17 ൽ രണ്ട് പ്രൊജക്ടുൾ നടപ്പാക്കി. മെഡിക്കൽ ഓഫീസർ (പി എച്ച് സി) നിർവ്വഹണം നടത്തിയ ഡയാലിസിസ് പ്രൊജക്ട് നിർദ്ധന രോഗികൾക്ക് വളരെ സഹായകരമാണെങ്കിലും പ്രൊജക്ടിന്റെ നിർവ്വഹണത്തിലും നടത്തിപ്പിലും അപാകതകൾ സംഭവിച്ചു. പ്രൊജക്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട്നം / പ്രൊജക്ടിന്റെ പേര് | അംഗികാരം | ഫണ്ടിനം / അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | S106/17, വൃക്കരോഗികൾക്ക് ഡയാലസിസ് | 1/2015/ 30.09.2016 | വികസനഫണ്ട്/ 700000/- | 700000/- |
| 2 | S132/17, വൃക്കരോഗികൾക്ക് ഡയാലസിസ് അധിക സഹായം | 1/2015/ 13.02.2017 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്/ 200000 | 16800/- |

താഴെ പറയും പ്രകാരം രോഗികൾക്ക് ഡയാലിസിസ് നടത്തിയിട്ടുണ്ട്.

| ക്രമ നം | മാസം | രോഗികളുടെ എണ്ണം | തുക |
|---|---|---|---|
| 1 | എപ്രിൽ | 9 | 61200 |
| 2 | മെയ് | 8 | 55800 |
| 3 | ജൂൺ | 10 | 49400 |
| 4 | ജൂലൈ | 10 | 58200 |
| 5 | ആഗസ്റ്റ് | 10 | 62250 |
| 6 | സെപ്റ്റമ്പർ | 10 | 59950 |
| 7 | ഒക്ടോബർ | 10 | 67850 |
| 8 | നവമ്പർ | 13 | 99050 |
| 9 | ഡിസമ്പർ | 14 | 97500 |
| 10 | ജനുവരി | 12 | 88800 |
| 11 | ഫെബ്രുവരി | 12 | 84800 |
| 12 | മാർച്ച് | 12 | 83200 |
| | ആകെ | 130 | 868000 |

ചെലവിന്റെ വിശദ വിവരം

| ട്രഷറി ബിൽ നം | തുക |
|---|---|
| 2/16-17/30.12.2016 | 513700 |
| 7/16-17/25.03.2017 | 186300 |
| 8/16-17/25.03.2017 | 84800 |

| | |
|---|---:|
| 10/16-17/30.03.2017 | 83200 |
| ആകെ | 868000 |

പ്രൊജക്ട് നടത്തിപ്പിലെ താഴെ പറയുന്ന അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.11 13.6.17) നൽകി. ആയതിന് സമർപ്പിച്ച മറുപടി പരിഗണിച്ച് താഴെ പറയുന്ന പരാമർശങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) നഗരസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളെ തിരഞ്ഞെടുത്തുള്ള നഗരസഭാ തീരുമാനം ഓഡിറ്റിന് ലഭ്യമാക്കിയില്ല. കൗൺസിലർമാർ നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതെന്ന് അറിയിച്ചു.

2) പി എസ് മിഷൻ ഹോസ്പിറ്റൽ മരട് ആണ് ഡയാലിസിസ് പ്രൊജക്ടിന്റെ നിർവ്വഹണ ഏജൻസി. പ്രസ്തുത ഹോസ്പിറ്റലിനെ തിരഞ്ഞെടുത്തതിന്റെ അടിസ്ഥാനം, രീതി എന്നിവ വ്യക്തമാക്കിയില്ല. നഗര സഭാ പരിധിയിൽ തന്നെയുള്ള ലേക്ക് ഷോർ മുതലായ ഹോസ്പിറ്റലുകളുമായി ആശയ വിനിമയം നടത്താതെ പി.എസ്.മിഷൻ ഹോസ്പിറ്റലിനെ ഏകപക്ഷീയമായി തിരഞ്ഞെടുക്കുകയാണ് ചെയ്തത്.

3) പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് പി എസ് മിഷൻ ഹോസ്പിറ്റലുമായി എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടില്ല.

4) 800-850 രൂപ നിരക്കിലാണ് ഡയാലിസിസ് ചെയ്യുന്നത്. ആയത് കുറഞ്ഞ നിരക്കിലായതിനാലാണ് സ്വീകരിച്ചത് എന്നാണ് അറിയിച്ചത്. ഇതര ആശുപത്രികളുമായി ചർച്ചകൾ നടത്തി തുക കുറവുള്ളതും ഗുണകരവുമായ ആശുപത്രിയെ ഭാവിയിൽ പ്രൊജക്ട് നിർവ്വഹണത്തിന് തിരഞ്ഞെടുക്കേണ്ടതാണ്.

5) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ രേഖയായ ജി ഒ (എം എസ് ) 4/2016/ എൽ എസ് ജി ഡി/ 11.01.2016 പ്രകാരം നിർവ്വഹണം നടത്താവുന്ന പ്രൊജക്ടുകളിൽ ഡയാലിസിസ് പ്രൊജക്ട് ഉൾപ്പെടുന്നില്ല. പ്രൊജക്ടിന് സർക്കാർ അനുമതി വാങ്ങേണ്ടതാണ്.

6) പൊതുജനങ്ങൾക്ക് ഗുണകരമായ ഈ പ്രോജക്ട് സർക്കാർ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതും നിർവ്വഹണം കാര്യക്ഷമവും സുതാര്യവുമാക്കേണ്ടതാണ്.

## 3-11 ശുചീകരണ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല.

PH-9243/16

2016-17 വർഷത്തിൽ നഗരസഭയിലേക്ക് ആവശ്യമായ 79242 രൂപയുടെ ശുചീകരണ സാധനങ്ങൾ എറണാകുളം ജില്ലാ മൊത്ത വ്യാപാര സഹകരണ സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല.

ചെലവിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | വൗച്ചർ നം | ചെക്ക് നം. | തുക |
|---|---|---|---|
| 1 | 75 /6.16 | 206579 /6.6.2016 | 36000 |
| 2 | 69/10.16 | 663590/ 25.10.2016 | 43242 |
| | | ആകെ | 79242 |

ആയതിനാൽ വിശദീകരണം ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 79242 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നം.7/ 12.6.2017 ) .

## 3-12 കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിച്ച തുക നാളിതു വരെയും ചെലവഴിച്ചിട്ടില്ല.

ഫയൽ നമ്പർ. പി.എച്ച്-10984/14

മരട് നഗരസഭയിൽ 2016-17 സാമ്പത്തിക വർഷം കുടുംബശ്രീ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 263010100005905, ആന്ധ്രാ ബാങ്ക്, കുണ്ടന്നൂർ) ആശ്രയ വിഭാഗത്തിന്റെ ക്ഷേമത്തിനായി പത്ത് ലക്ഷം രൂപ നഗരസഭയിൽ നിന്നും കൈമാറി നൽകിയിരുന്നു. എന്നാൽ നാളിതു വരെയും ഈ തുക യാതൊരു ആവശ്യങ്ങൾക്കും വിനിയോഗിച്ചിട്ടില്ല. ഗുണഭോക്താക്കൾ ആരും തന്നെ അപേക്ഷ സമർപ്പിക്കാതിരുന്നതു കാരണമാണ് പദ്ധതികൾ നടപ്പാക്കാതിരുന്നത് എന്നാണ് വിശദീകരിച്ചത്. തുക എത്രയും വേഗം വിനിയോഗിച്ച് ചെലവു വിവരം അറിയിക്കേണ്ടതാണ്.

## 3-13 എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് അടച്ചതിലെ അപാകത

ഫയൽ നമ്പർ.ജി1 -6787/12

മരട് നഗരസഭയിൽ 2016-17 സാമ്പത്തിക വർഷം ഡിസംബർ 2011 മുതൽ ഫെബ്രുവരി 2014 വരെ നഗരസഭയിൽ സേവനമനുഷ്ഠിച്ചിരുന്ന താത്കാലിക ജീവനക്കാരുടെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഇനത്തിൽ 26384/-രൂപ ഡാമേജ് ചാർജായി /പിഴപ്പലിശയായി പ്രതിമാസ വരിസംഖ്യ അടയ്ക്കാത്തിനാൽ അടച്ചിട്ടുണ്ട് (വൗച്ചർ നമ്പർ 107/2-17 തീയതി 23.02.2017). താത്കാലിക ജീവനക്കാരുടെ ഇ.പി.എഫ് തുക കൃത്യമായി അടയ്ക്കാതിരുന്നത് കാരണമാണ് പിഴപ്പലിശ അടയ്ക്കേണ്ടി വന്നത് എന്ന് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ 02.02.2017ലെ നമ്പർ KR/ KCH/ 27658/ DAMAGES /2016-17 കത്തിൽ വ്യക്തമാക്കിയിരുന്നു. പിഴപ്പലിശ അടവാക്കാനുണ്ടായ കാരണവും ഇ.പി.എഫ് തുക വൈകി അടച്ചതും വിശദീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം 17/തീയതി. 14.06.2017 ).

## 3-14 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല.

നഗരസഭയുടെ മുൻകൂർ രജിസ്റ്റർ പ്രകാരം ചുവടെ ചേർത്തിട്ടുള്ള മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല.

| വർഷം | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | വൗച്ചർ നമ്പർ | തുക |
|---|---|---|---|
| 2016-17 | സി.ടി.ജോഷി, ഹെൽത്ത് ഇൻസ്പെക്ടർ | 100/6-16 | 50,000 |
| 2016-17 | ഹുസൈൻ.എ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 104/7-16 | 30,000 |
| 2016-17 | ഷിബു.കെ.എ, ഓവർസിയർ ഗ്രേഡ് 1 | 20/11-16 | 2,000 |
| ആകെ | | | 82,000 |

മുൻകൂറുകൾ ക്രമീകരിക്കാത്ത പക്ഷം പലിശ സഹിതം തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം 18 /തീയതി.14.06.2017).അതുവരെ 82,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-15 വിനിയോഗ വിവരം ലഭ്യമല്ല .

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനിയർ

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബിയിലേക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുകകൾ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

| ഫയൽ നം. | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| KSEB- E4/ 2622/11 | പോസ്റ്റ്ഷിഫ്റ്റിംഗ് div- 29 | 206574 /3.6.16 | 42897 |
| KSEB/ E4/ 2622/11 | പോസ്റ്റ്ഷിഫ്റ്റിംഗ് div-11 | 206574/ 3.6.16 | 52015 |
| KSEB/ E4/3597/16 | പോസ്റ്റ്ഷിഫ്റ്റിംഗ് div-- | 206579 /6.6.16 | 20186 |
| KSEB/ E4/8703/16 | പോസ്റ്റ്ഷിഫ്റ്റിംഗ് div-20 | 663571/ 20.10.16 | 24669 |
| KSEB / E4- 12457/2016 | S0076/ പുതിയ തെരുവ് വിളക്ക് സ്ഥാപിക്കലും (CFL) വൈദ്യുതി ലൈൻ വലിക്കൽ- div-24 | 521948/ 22.3.2017 | 59913 |
| KSEB / E4/ 10074/ 16 | സ്ട്രീറ്റ്ലൈറ്റ്ലൻ എക്സ്റ്റൻഷൻ w-15 | 456093/ 11.1.2017 | 45643 |
| KSEB / E4/ 12123/2016 | പോസ്റ്റ്ഷിഫ്റ്റിംഗ് & ലൈൻ എക്സ്റ്റൻഷൻ div- | 814673/ 31.3.17 | 30052 |

| | | | |
|---|---|---|---|
| | XXIII | | |
| KSEB / E4-12121/ 2016 | ലൈൻ എക്സ്റ്റൻഷൻ div-VI | 814664/ 30.3.2017 | 29729 |
| KSEB / E4-771/17 | പോസ്റ്റ്ഷിഫ്റ്റിംഗ് div-1 | 814669/ 31.3.2017 | 31434 |
| KSEB / E4-1126/ 2017 | പോസ്റ്റ്ഷിഫ്റ്റിംഗ് div-10 | 814667/ 30.3.2017 | 38822 |
| | | ആകെ | 375360 |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവ് തുകയായ 375360/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 ശമ്പള നിർണ്ണയാംഗീകാരം ലഭിച്ചിട്ടില്ല

ശമ്പള പരിഷ്കരണത്തെ തുടർന്നുള്ള ശമ്പള നിർണ്ണയങ്ങൾക്ക് താഴെപ്പറയുന്ന ജീവനക്കാർനാളിതു വരെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം നേടിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | സേവനത്തിൽ പ്രവേശിച്ച തീയതി |
|---|---|---|---|
| 1 | രാജേശ്വരി.എൽ | സൂപ്രണ്ട് | 05.04.1995 |
| 2 | സിബു.കെ.എ | റവന്യൂഇൻസ്പെക്ടർ | 19.06.2002 |
| 3 | എം.പി.ഷഹീർ | ജെ.എച്ച്.ഐ 1 | 04.04.2000 |
| 4 | ഷാജൻ.വി | സീനിയർ ക്ലർക്ക് | 11.07.2007 |
| 5 | മനോജ് കുമാർ.എ | സീനിയർ ക്ലർക്ക് | 26.08.2003 |

ശമ്പള നിർണ്ണയങ്ങൾക്ക് യഥാസമയം ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 പെൻഷൻ ഫണ്ട്

| നഗര കാര്യ ഡയറക്ടറിൽ നിന്നും 16-17ൽ ലഭിച്ച അലോട്ട് മെന്റ് | 16-17ൽ അലോട്ട് മെന്റ് ഒന്നും ലഭിച്ചില്ല. |
|---|---|
| പെൻഷനറുടെ പേര് | നൽകിയ ആനുകൂല്യം |
| 1,കേശവൻ തമ്പി | 203743 |
| 2കെ.മുരളീധരൻ | 263118 |
| 3.എം.ഡി.സോമൻ | 96743 |
| 4ബി.രാജശേഖരൻ | 72295 |
| വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആകെ ചെലവ് | 635899 |

പെൻഷൻ ഫണ്ടിനു വേണ്ടി പഞ്ചാബ് നാഷണൽ ബാങ്കിൽ A/c no.747600110000084 ആയി ഒരു അക്കൗണ്ട് 1.12.2015 ൽ ആരംഭിക്കുകയും ആയതിലേക്ക് 7.12.2015 ൽ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും 24,94,015/- രൂപ അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. ആയതിന് തൻവർഷം പാസ്ബുക്ക് പ്രകാരം 25379/- പലിശയിനത്തിൽ വരവുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഇല്ല | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബി യ്ക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് വിവരങ്ങൾ ലഭ്യമായിട്ടില്ല .വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ / ചെക്ക് നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 1 | പോസ്റ്റ്ഷിഫ്റ്റിംഗ് div- 29 | 206574/3.6.16 | 42897 |
| 2 | പോസ്റ്റ്ഷിഫ്റ്റിംഗ് div-11 | 206574/ 3.6.16 | 52015 |
| 3 | പോസ്റ്റ്ഷിഫ്റ്റിംഗ് div-- | 206579/ 6.6.16 | 20186 |
| 4 | പോസ്റ്റ്ഷിഫ്റ്റിംഗ് div-20 | 663571/20.10.16 | 24669 |
| 5 | S0076/ പുതിയ തെരുവ് വിളക്ക് സ്ഥാപിക്കലും (CFL) വൈദ്യുതി ലൈൻ വലിക്കൽ- div-24 | 521948/22.3.2017 | 59913 |
| 6 | സ്ട്രീറ്റ്ലൈറ്റ്ലൻ എക്സ്റ്റൻഷൻ w-15 | 456093/11.1.2017 | 45643 |
| 7 | പോസ്റ്റ്ഷിഫ്റ്റിംഗ് & ലൈൻ എക്സ്റ്റൻ ഷൻ div-XXIII | 814673/31.3.17 | 30052 |
| 8 | ലൈൻ എക്സ്റ്റൻ ഷൻ div-VI | 814664/30.3.2017 | 29729 |
| 9 | പോസ്റ്റ്ഷിഫ്റ്റിംഗ് div-1 | 814669/31.3.2017 | 31434 |
| 10 | പോസ്റ്റ്ഷിഫ്റ്റിംഗ് div-10 | 814667/30.3.2017 | 38822 |
| | | ആകെ | 375360 |

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന നിർമ്മാണം | ജി.ഒ. എം.എസ്. 90/13/ ത. സ്വ. ഭ.വ./ 14/3/13 | 9500000 | 2546866 | 1500000 | - | 1046866 |

ബാലൻസ് ഷീറ്റിൽ വായ്പയുടെ വിവരം ഉൾപ്പെടുത്തിയില്ല. ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ വായ്പയുടെ വിവരങ്ങൾ തുടർച്ചയായി പരിശോധിക്കുവാൻ കഴിഞ്ഞില്ല. മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള തുകയാണ് ഈ വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുകയായി എടുത്തിരിക്കുന്നത്. രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും കണക്കുകൾ കൃത്യമായി തയ്യാറാക്കേണ്ടതുമാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

a) സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിലെ സ്ഥിര നിക്ഷേപം | 2239528 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | 290751 |
| ആകെ | 2530279 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2530279 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| എസ്.ബി.ടി.മരട് A/c No. 67271219027/ 31.3.17 | 506798 |
| മരട് സർവ്വീസ് സഹകരണ ബാങ്ക് FD No. 65962 | 2023481 |
| ആകെ | 2530279 |

ബാലൻസ് ഷീറ്റിൽ ഇൻവെസ്റ്റ്മെന്റിനത്തിൽ 2239528.00 രൂപയാണുള്ളത്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ 2492828/- (469347 + 2023481) രൂപയാണ് നീക്കിയിരുപ്പുള്ളത്. സ്ഥിരനിക്ഷേപ രസീത് പ്രകാരമുള്ള നീക്കിയിരുപ്പാണ് ഓഡിറ്റിൽ സ്വീകരിച്ചത്. കണക്കുകൾ കൃത്യമായി തയ്യാറാക്കി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 2000-01 | IV7 (64) | - | ലഭ്യമാക്കിയില്ല |
| | - | 2004-05 | III 7(I) | - | ലഭ്യമാക്കിയില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 141340049 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 141199933 |
| വരവിനങ്ങളിലുള്ള നഷ്ടം | 1003538 |

| | |
|---|---|
| ചെലവിനങ്ങളിലുള്ളനഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1996182 |

(ചെലവിനങ്ങളിലുള്ള നഷ്ടം, ബി യിലേയും സി യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 9,89,970 | - | ശ്രീ നൗഫൽ അലി കെ.എ., മുനിസിപ്പൽ എഞ്ചിനിയർ |
| 2-2 | 13568 | - | ശ്രീ നൗഫൽ അലി കെ.എ., മുനിസിപ്പൽ എഞ്ചിനിയർ |
| ആകെ | 1003538 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 200000 | ശ്രീ ബി. അനിൽകുമാർ, സെക്രട്ടറി |
| 3-4 | 310799 | ശ്രീ പി.ജെ. ജോസഫ്, പട്ടികജാതി വികസന ഓഫീസർ |
| 3-5 | 199331 | ശ്രീ പി.ജെ. ജോസഫ്, പട്ടികജാതി വികസന ഓഫീസർ |
| 3-7 | 300000 | ഡോ. ലെന മേരി കുര്യാക്കോസ്, ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി |
| 3-8 | 425000 | ഡോ. പി. എസ്. ശ്രീകുമാരി, മെഡിക്കൽ ഓഫീസർ, പി എച്ച് സി നെട്ടൂർ |
| 3-9 | 24,450 | ശ്രീ ഹുസൈൻ എ. ,ജൂനിയർ ഹെൽത്ത്ഇൻസ്പെക്ടർ ഗ്രേഡ് II |
| 3-11 | 79242 | ശ്രീ ബി. അനിൽകുമാർ, സെക്രട്ടറി |
| 3-14 | 82,000 | ശ്രീ ബി. അനിൽകുമാർ, സെക്രട്ടറി |
| 3-15 | 375360 | ശ്രീ നൗഫൽ അലി കെ.എ., മുനിസിപ്പൽ എഞ്ചിനിയർ |
| ആകെ | 1996182 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-3 | 18000 | ശ്രീ ബി. അനിൽകുമാർ, സെക്രട്ടറി |

.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓ ഡിറ്റ് നടന്ന സമയ ത്തെ) ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ബി. അനിൽകുമാർ, സെക്രട്ടറി | സെക്രട്ടറി, മരട് നഗരസഭ | ലക്ഷ്മി ഗോപാലം (സതി മന്ദിരം) , നടുവത്തുചേരി, ചവറ സൗത്ത്. പി.ഒ., കൊല്ലം - 691584 |
| ശ്രീ നൗഫൽ അലി കെ.എ., മുനിസിപ്പൽ എഞ്ചിനിയർ | മുനിസിപ്പൽ എഞ്ചിനിയർ,മരട് നഗരസഭ | കാണാം പുറം ഹൗസ്, കൂവപ്പടി .പി.ഒ., തൊടാംപറമ്പ് |
| ശ്രീ പി.ജെ. ജോസഫ്, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, മരട് നഗരസഭ | പച്ചിലാനിക്കൽ, പുളിക്ക തൊട്ടി. പി.ഒ, തൊട്ടുപുഴ, ഇടുക്കി |
| ശ്രീ ഹുസൈൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, മരട് നഗരസഭ | വാലിയത്ത് ഹൗസ് , North of Muhiyadeen mosque, കായംകുളം |
| ഡോ. ലീന മേരി കുര്യാക്കോസ്, ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | ചീഫ് മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, മരട് നഗരസഭ | കുഴിവേലി തുരുത്തേൽ, തേവക്കൽ തുരുത്തേൽ റോഡ്, വി.കെ. കോളനി പി.ഒ.- 682021 |
| ഡോ. പി. എസ്. ശ്രീകുമാരി, മെഡിക്കൽ ഓഫീസർ, പി എച്ച് സി നെട്ടൂർ | മെഡിക്കൽ ഓഫീ സർ, പി എച്ച് സി നെട്ടൂർ, മരട് നഗരസഭ | 5A, സ്കൈലൈൻ ബിലെയർ, പനമ്പിള്ളി നഗർ, കൊച്ചി - 36 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ഇ.(പി.4)1468/26.10.1995 |
| 1982-83 | |
| 1983-84 | |

| | |
|---|---|
| 1984-85 | |
| 1986-87 | |
| 1987-88 | |
| 1988-89 | |
| 1990-91 | |
| 1991-92 & 1992-93 | എൽ.എഫ്.ഇ.(പി.4)1025/94/9.2.1996 |
| 1993-94 | എൽ.എഫ്.ഇ.(പി.3)556/96/ 17.5.1998/7.1.99 |
| 1996-97 | എൽ.എഫ്.ഇ.(പി.3)160/96 /17.5.98/7.1.99 |
| 1997-98 | എൽ.എഫ്.ഇ.(പി.4)691/2000/ 18.10.2000 |
| 1998-99 | എൽ.എഫ്.ഇ.(പി.6)1010/05/21.7.06 /7.10.06 |
| 1999-2000 | എൽ.എഫ്.ഇ.(പി.6)1011/05/21.7.06/ 7.10.06 |
| 2000-01 | എൽ.എഫ്.ഇ.(പി.6)1005/05/22.7.2006 |
| 2001-02 | എൽ.എഫ്.ഇ.(പി.7)1818/06/ 3.11.07/15.1.08 |
| 2002-03 | എൽ.എഫ്.ഇ.(പി.7)1819/06/ 3.11.07/31.1.08 |
| 2003-04 | എൽ.എഫ്.ഇ.(പി.7)1820/06/ 3.11.07/15.1.08 |
| 2004-05 | എൽ.എഫ്.ഇ.(പി.8)785/09/ 9.3.10/11.6.10 |
| 2005-06 | എൽ.എഫ്.ഇ.(പി.8)786/09 /9.3.10/11.6.10 |
| 2006-07 | എൽ.എഫ്.ഇ.(പി.8)1342/09/ 9.3.10/11.06.10 |
| 2007-08 | എൽ.എഫ്.ഇ.(പി.8)140/10/ 6.11.10/4.1.11 |
| 2008-09 | എൽ.എഫ്.ഇ.(പി.8)141/10/6.11.10/7.3.11 |
| 2009-10 | എൽ.എഫ്.ഇ.(പി.8)1860/10/ 2.5.11/4.8.11 |
| 2010-11 | എൽ.എഫ്.ഇ.(എം.1)1863/12/ 20.6.12/11.7.12 |
| 2011-12 | എൽ.എഫ്.ഇ.(എം.1)1100/14/ 13.1.15/17.1.15 |
| 2012-13 | എൽ.എഫ്.ഇ.(എം.1)883/15 / 14.07.2015 |
| 2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(എം.1)1012/2016 / 20.07.2016 |
| 2015-16 | കെ.എസ്.എ.- ഇ.കെ.എം.(എം.1) 164/ 17 / 8.2.17 |

.
ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(എം1)1758/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി :19.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 , കേരള മുനിസിപ്പാലിറ്റിനിയമത്തിലെ 215-ം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മരട് നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 2-9 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മരട് നഗരസഭയുടെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ജോയിന്റ് ഡയറക്ടർ

# APPENDIX - I

## AUDIT CERTIFICATE

No.K.S.A.-EKM($M_1$)1758/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
email : doekm.ksad@kerala.gov.in
Dated: 19.09.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Maradu Muncipality in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Muncipalities Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Maradu Muncipality for the year 2016-17 except the observations in my audit report paragraph 2-9 properly presents the picture of income and expenditure.

Joint Director